# പെൺപ്രതിരോധത്തിന്റെ മനശ്ശാസ്ത്രം

**ഡോ. ദീപ എസ്.എസ്.**
അസിസ്റ്റന്റ് പ്രൊഫസർ,
മലയാളവിഭാഗം,
ഗവൺമെന്റ് കോളേജ്, നെടുമങ്ങാട്
Email: deepasouparnika@gmail.com

**സംഗ്രഹം**

പല തരത്തിലുള്ള പരിണാമങ്ങളിലൂടെ രൂപപ്പെട്ടുകയും ക്രമേണ കൂടുതൽ സൂക്ഷ്മമാക്കപ്പെട്ടുകയും ചെയ്തതാണ് ഓരോ സിനിമകളും. പ്രതീകാത്മക ചിന്തയും ചില പ്രത്യേക സാമൂഹിക സാംസ്കാരിക സാഹചര്യങ്ങളും ഒത്തുചേർന്ന വരുന്നിടത്ത് നിന്നാണ് സിനിമകളുടെ തുടക്കം. തിരക്കഥാസാഹിത്യം മൗലികമായി മനസ്സിന്റെ സൃഷ്ടിയാണ്. മനസ്സിന്റെ ചലനങ്ങൾ, മനസ്സിനെ നിയന്ത്രിക്കുന്ന ഘടകങ്ങൾ ഇവയെല്ലാം തിരക്കഥാസാഹിത്യത്തിൽ പ്രതിഫലിക്കും. അതിനാൽ മനസ്സിന്റെ ഉൽപ്പന്നം എന്ന നിലയിൽ സിനിമയെ വിലയിരുത്തുന്ന മനശ്ശാസ്ത്ര സമീപനം ഏറെ സ്വാഭാവികവും നൈസർഗികവുമായ രീതിയാണ്. മനഃശാസ്ത്ര തത്വങ്ങൾ കൊണ്ട് കഥാപാത്രങ്ങളുടെയും തിരക്കഥാകൃത്തുക്കളുടെയും മാനസികപ്രതിഭാസങ്ങൾ അറിയുകയും സിനിമയെ മനശ്ശാസ്ത്രവിശകലനംകൊണ്ട് മനസ്സിലാക്കാനും സാധിക്കുന്നിടത്താണ് ഈ പദ്ധതി ശ്രദ്ധേയമാകുന്നത്. ജയ ജയ ജയ ജയ ഹേ എന്ന സിനിമയിലെ പെൺ പ്രതിരോധത്തിന്റെ ആന്തരാർത്ഥങ്ങൾ അന്വേഷിക്കുകയും മനശ്ശാസ്ത്രപരമായി അപഗ്രഥിക്കുകയും ചെയ്യുന്നതാണ് പ്രബന്ധം.

**താക്കോൽവാക്കുകൾ:** മനോവിജ്ഞാനീയം, പെൺപ്രതിരോധം, സ്ത്രീസ്വത്വം, സ്ത്രീവാദം, അനിമ, അനിമസ്

ആഖ്യാനത്തിന്റെ ബഹുസ്വരതയും കൗശലവും അമ്പരപ്പിക്കുന്ന വിഷയവൈവിധ്യവുമാണ് നവീന സിനിമകളെ മറ്റു സിനിമകളിൽ നിന്ന് വ്യത്യസ്തമാക്കുന്നത്. സ്ത്രീയവസ്ഥകളുടെ വൈവിധ്യപൂർണ്ണവും സങ്കീർണ്ണവുമായ നിരവധിമേഖലകൾ സിനിമയിൽ നവീന തിരക്കഥാകൃത്തുക്കൾ കാണിച്ചുതന്നു. ദൃശ്യങ്ങളെ ആധാരമാക്കിയുള്ള നവീന ആഖ്യാനരീതി പ്രേക്ഷകർക്ക് പുതിയ

അനുഭൂതി പകർന്നുനൽകി. ഓരോ പുതിയ സിനിമയിലും സ്ത്രീകൾ ഓരോ വിപ്ലവമാണെന്ന് പറയത്തക്കവിധം വിഭിന്നമായ ആഖ്യാന മാതൃകകളാണവ. സന്ദർഭത്തിനും ഭാവത്തിനും അനുയോജ്യമായി സ്ത്രീകൾക്ക് സിനിമയിൽ വ്യതിയാനങ്ങൾ സംഭവിക്കുന്നത് അതുകൊണ്ടാണ്. പച്ചമനുഷ്യരുടെ പച്ചയായ ജീവിതകഥകൾക്കിടയിൽ മൂല്യവ ത്തായ ദർശനങ്ങൾ കോർത്തുവച്ചുകൊണ്ട് സ്ത്രീസ്വത്വാവിഷ്കാരത്തെയും പ്രതിരോധത്തെയും മനഃശാസ്ത്രത്തിന്റെ സഹായത്തോടെ പൂരിപ്പിക്കുന്നതാണ് നവീനസിനിമയിൽ ദൃശ്യമാകുന്നത്. ജീവിതത്തിൽ സ്ത്രീകൾ വിലപിടിച്ചതായി കരുതുന്ന പല മൂല്യങ്ങളുടെയും പുനർവിചിന്തനവും മനസ്സിന്റെയും മാനസികാവസ്ഥകളുടെയും സൂക്ഷ്മമായ നിരീക്ഷണവും ജയ ജയ ജയ ജയ ഹേ എന്ന സിനിമയിൽ കാണാനാകും.

**മനോവിജ്ഞാനീയം**

മനസ്സിന്റെ അപഗ്രഥനത്തിലൂടെ/വ്യാഖ്യാനത്തിലൂടെ മനസ്സിന്റെ നിഗൂഢതകളും രഹസ്യങ്ങളും പുറത്തുകൊണ്ടുവരാൻ കഴിയുന്ന ശാസ്ത്രീയ വിശകലനമാണ് മനഃശാസ്ത്രം (Psychology). നവീന മനഃശാസ്ത്രത്തിന്റെ പിതാവായറിയപ്പെടുന്ന വിൽഹെം വുണ്ട് (Wilhelm Wunt,1832-1920) ശരീരശാസ്ത്രപരമായ മനഃശാസ്ത്ര തത്ത്വങ്ങൾ (Principles of Physiological Psychology) എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചതോടെയാണ്, സൈക്കോളജി ഒരു ശാസ്ത്രശാഖയെന്ന നിലയിൽ അംഗീകരിക്കപ്പെട്ടത്. മനസ്സിന്റെ ബോധതലത്തെയും, അതിന്റെ നിയന്ത്രണത്തിന് വിധേയമാകാത്തതും സങ്കീർണ്ണഘടനയോടുകൂടിയതുമായ ഉപബോധതലത്തെയുംകുറിച്ചുള്ള ഫ്രോയിഡിന്റെ കണ്ടെത്തലുകൾ ഈ ശാസ്ത്രശാഖയുടെ പ്രസക്തി വർദ്ധിപ്പിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഉദയംകൊണ്ടതും സാഹിത്യ നിരൂപണത്തെ ഏറ്റവുമധികം സ്വാധീനിച്ചിട്ടുമുള്ള മേഖലയാണ് മനഃശാസ്ത്രാപഗ്രഥന വിമർശനം/മനോവിജ്ഞാനീയ വിമർശനം/മനോവിശ്ലേഷണ വിമർശനം.

ആധുനികബോധത്തിലേക്ക് മനുഷ്യരെ നയിച്ച ഫ്രോയിഡിന്റെ മനോവിശ്ലേഷണ സിദ്ധാന്തപദ്ധതിക്ക് സാഹിത്യത്തിൽ ആഴത്തിലുള്ള വേരോട്ടം ഉണ്ടായി. തുടർന്ന് യുങ്, ലക്കാൻ, ആഡ്ലർ തുടങ്ങിയവരുടെ സങ്കൽപ്പനങ്ങൾ സാഹിത്യത്തിലേക്ക് പ്രയോഗിക്കപ്പെടുകയും വിശകലനം നടത്തപ്പെടുകയും ചെയ്തു. മനോവിജ്ഞാനീയ രംഗത്ത് ഫ്രോയിഡ് ആവിഷ്കരിച്ച ചിന്താധാരകൾ സർഗ്ഗാത്മകരചനയേയും സാഹിത്യസിദ്ധാന്തത്തേയും വലിയ അളവിൽ സ്വാധീനിച്ചു. സ്വപ്നങ്ങളുടെ വ്യാഖ്യാനം (The Interpretation of dreams) എന്ന പുസ്തകത്തിൽ മനസ്സിന്റെ വിവിധ തലങ്ങളെ ഫ്രോയിഡ് വിശദമാക്കുന്നുണ്ട്. അബോധം (Unconscious), പൂർവ്വബോധം (pre-conscious), ഉപരിബോധം (subconscious) എന്നിങ്ങനെ മൂന്ന് അറകൾ മനസ്സിലുണ്ടെന്നും, അവ യഥാക്രമം ഇദ്ദ് (Id), ഈഗോ (Ego), സൂപ്പർ ഈഗോ (super Ego) എന്നീ മാനസികശക്തികൾക്ക് അധീനമായിരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. മനസ്സിന്റെ മൂന്ന് ശക്തികളിൽ സൂപ്പർഈഗോയുടെ സാക്ഷാത്കാരത്തിനായുള്ള യത്നത്തിൽ ബോധമണ്ഡലത്തിന് അബോധമണ്ഡലത്തിലെ പ്രേരണകൾ വിഘ്നമായിത്തീരുന്നു. അബോധമനസ്സിന്റെ പ്രേരണകളിൽനിന്ന് മുക്തിനേടാൻ അതിനെ അമർത്തിക്കളയുകയോ അല്ലെങ്കിൽ മറ്റൊരു രൂപത്തിൽ പ്രകാശിപ്പിക്കുകയോ ചെയ്യുന്നു. പാശ്ചാത്യചിന്തയ്ക്ക് ഫ്രോയിഡ് നൽകിയ മികച്ച


ISSN: 2582 - 2594

സംഭാവനകളിൽ ഒന്നാണ് അബോധം എന്ന കാഴ്ചപ്പാട്. മനസ്സിന്റെ ഏറ്റവും വലിയ ഭാഗമാണിത്. ആഗ്രഹങ്ങളുടെയും സ്മരണകളുടെയും ഉറവിടമാണിത്. വ്യക്തി അനുഭവിച്ച ദുരന്തങ്ങൾ, മാനസിക മുറിവുകൾ അബോധത്തിലാണ് സൂക്ഷിക്കുക. അബോധം എല്ലാവിധ പ്രചോദനങ്ങളുടെയും കേന്ദ്രമാണ്. ഈയൊരു പ്രചോദനത്തെ ബോധംകൊണ്ട് നിഷേധിക്കുകയോ തടയുകയോ ചെയ്താലും മറ്റൊരു രൂപത്തിൽ മനസ്സിലേക്ക് തന്നെ തിരിച്ചുവരും. ഇത്തരത്തിൽ അടിച്ചമർത്തപ്പെട്ട പ്രേരണകളാണ് കലാവ്യാപാരമായും കലാസൃഷ്ടികളായും പ്രത്യക്ഷപ്പെട്ട് മനസ്സിനെ/ജീവിതത്തെ സംതൃപ്തമാക്കുന്നത് എന്നാണ് ഫ്രോയിഡിന്റെ അഭിപ്രായം. ഫ്രോയിഡിന്റെ ശിഷ്യനായ യുങിന്റെ വീക്ഷണത്തിൽ മനസ്സിന്റെ അബോധതലം മൃഗീയവും അസാമൂഹികവുമായ വാസനകളുടെ കലവറയല്ല. മറിച്ച്, ബോധതലത്തിന്റെ ഉല്പത്തിയും നിലനിൽപ്പും അബോധതലത്തിന്റെ അടിസ്ഥാനത്തിലാണ്. ബോധാബോധതലങ്ങളെ മൊത്തത്തിൽ 'സൈക്ക്' എന്ന് അദ്ദേഹം പറയുന്നു. സൈക്കിന്റെ ചൈതന്യത്തിന് 'ലിബിഡോ' എന്ന് നാമകരണം ചെയ്യുന്നു. ലിബിഡോയുടെ അഭിലാഷങ്ങൾ നിർവഹിക്കപ്പെടാതെ വരുമ്പോൾ മനസ്സ് രോഗഗ്രസ്തമാകുന്നു. ഒരു വ്യക്തിയിൽ ബോധാബോധമനസ്സുകൾക്ക് പുറമേ ശക്തമായ സ്വാധീനം ചെലുത്തുന്ന സമൂഹാവബോധമനസ്സ് കൂടിയുണ്ടെന്ന് വ്യക്തമാക്കുന്നു. ഓരോരുത്തരുടെയും സഹജവാസന അനുസരിച്ചുള്ള പ്രവർത്തനത്തിൽ നിന്ന് അതിന്റെ സാന്നിധ്യം മനസ്സിലാക്കാം. മനുഷ്യവർഗ്ഗത്തിന്റെ ഭൂതകാല ചരിത്രത്തിൽ വ്യവസ്ഥാപിതമായ രീതിയിൽ ജീവിതത്തെ കാണാനും അനുഭവിക്കാനും ഉള്ള പ്രവണതയെ യുങ് ആദിപ്രരൂപം (archetypical) എന്ന് വിശേഷിപ്പിക്കുന്നു. ഇവ പൂർവികരുടെ ജയാപജയങ്ങളെയും ഭയാശങ്കകളെയും ഉൾക്കൊള്ളുന്നു. ഇതിന്റെ സങ്കേതം അപബോധമനസ്സാണ്. മനുഷ്യമനസ്സിൽ നിഗൂഢമായി കിടക്കുന്ന ഈ ഇമേജുകളിലൂടെയാണ് മനുഷ്യൻ ഈശ്വരനെയും രാക്ഷസനെയും ശക്തിമത്തുകളായ ചിന്തകളെയും സംഭരിച്ചിട്ടുള്ളത്. ആദിപ്രരൂപങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവയും കലയെയും കലാകാരനെയും സംബന്ധിച്ച് ഏറ്റവും പ്രഭാവം ചെലുത്തുന്നവയുമാണ് അനിമ, അനിമസ്, ഇരുണ്ട സഹോദരൻ (dark brother) എന്നീ സങ്കല്പനങ്ങൾ.

ഓരോ മനുഷ്യനും അയാൾ അറിയുകയും ഇഷ്ടപ്പെടുകയും ചെയ്യുന്ന ഒരു ഇരുണ്ട സഹോദരൻ കൂടിയുണ്ട്. തിന്മയുടെ പ്രതീകമായ ഈ അംഗത്തെ നിഴൽ (shadow) എന്ന് വിളിക്കുന്നു. വ്യക്തിത്വം ഭദ്രമാക്കാൻ ഈ നിഴലിനെ മെരുക്കിയെടുക്കേണ്ടത് അത്യാവശ്യമാണ്. Individuation എന്ന പദം കൊണ്ട് ഈ മെരുക്കി എടുക്കലാണ് യുങ് ഉദ്ദേശിക്കുന്നത്. മനുഷ്യവ്യക്തിത്വത്തിലെ പുരുഷനിൽ സ്ത്രീയും സ്ത്രീയിൽ പുരുഷനും ഉണ്ട്. പുരുഷനിലെ സ്ത്രീയ്ക്ക് അനിമ (anima) എന്നും സ്ത്രീയിലെ പുരുഷന് അനിമസ് (animus) എന്നുമാണ് പേര്.

തിരക്കഥാകൃത്തുക്കളുടെയും കഥാപാത്രങ്ങളുടെയും കലാകാരന്മാരുടെയും മനോസഞ്ചാരത്തെയും സാഹിത്യാസ്വാദനത്തെയും പഠിക്കുവാൻ ഈ തത്ത്വങ്ങൾ ഉപയോഗിക്കപ്പെട്ടു. ജയ ജയ ജയ ഹേ എന്ന സിനിമയിലെ ജയഭാരതിയും ഭർത്താവും തമ്മിലുള്ള അന്തഃസംഘർഷങ്ങൾ മനോവിജ്ഞാനീയ വിമർശനത്തിന്റെ സിദ്ധാന്തങ്ങൾ ഉപയോഗിച്ച് ഇവിടെ വിശകലന വിധേയമാക്കുന്നു.

### സ്വത്വം, സ്ത്രീവാദം,പ്രതിരോധം

ഒരു വ്യക്തിയിൽ ചരിത്രത്തിന്റെയും സമൂഹത്തിന്റെയും സ്വാധീനത്താൽ രൂപപ്പെടുന്നതും സാഹചര്യങ്ങൾക്കനുസരിച്ച് പരിവർത്തന വിധേയമാകുന്നതുമാണ് സ്വത്വം. ലിംഗം, വർഗ്ഗം, ജാതി തുടങ്ങിയ സാമൂഹിക സാംസ്കാരിക ജീവശാസ്ത്രപരമായ കാര്യങ്ങൾ സ്വത്വത്തെ രൂപപ്പെടുത്തുന്നു. സ്ത്രീയുടെ ചരിത്രത്തെയും ജീവിതത്തെയും കുറിച്ചുള്ള അറിവിലൂടെ അവർ സ്വത്വത്തെ തിരിച്ചറിയുന്നു. നവോത്ഥാന ആശയങ്ങളും സാമൂഹിക വിപ്ലവങ്ങളും സ്ത്രീ ജീവിതത്തെ പരിവർത്തിപ്പിച്ചിട്ടുണ്ട്. എങ്കിലും സ്ത്രീയെന്ന രീതിയിൽ മനുഷ്യജീവിതത്തിലുള്ള അവകാശങ്ങൾ നേടിയെടുക്കുമ്പോഴും പല മട്ടിലുള്ള വിവേചനങ്ങൾ ഇന്നും തുടരുകയും അവർക്ക് ഈ വിവേചനം കൂടുതൽ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ അവർ കൂടുതൽ അടിച്ചമർത്തപ്പെട്ടവരാകുന്നു. സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളെ സ്ത്രീവാദത്തിന്റെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുകയും ചെയ്തു വന്നിടത്തുനിന്നും സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് മറ്റൊരു തലമുണ്ടെന്നും അത് പരിഹരിക്കുകയാണ് വേണ്ടതെന്ന തിരിച്ചറിവാണ് നവീന സ്ത്രീവാദത്തിന്റെ കാഴ്ചപ്പാടും ലക്ഷ്യവും. സ്ത്രീകൾ പ്രത്യേകമായി അനുഭവിക്കേണ്ടിവരുന്ന പ്രശ്നങ്ങളെ സമൂഹത്തിൽ തുറന്നുകാണിക്കാനും പരിഹാരങ്ങൾ നേടാനുള്ള ശ്രമങ്ങൾ ഉയർത്താനും ഇതിലൂടെ സാധിച്ചു. വിദ്യാസമ്പന്നരും ഉയർന്ന ജോലിയുള്ള സ്ത്രീകൾ പോലും പൊതുസമൂഹത്തിലും കുടുംബത്തിനുള്ളിലും പുരുഷാധിപത്യത്തിന് വഴങ്ങേണ്ടിവരുമ്പോൾ വിദ്യാഭ്യാസവും തൊഴിലുമില്ലാത്ത സാധാരണ സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്ന പീഡനങ്ങൾ ചെറുതൊന്നുമല്ല. സ്ത്രീകളെന്ന നിലയിൽ എല്ലാ പുരുഷന്മാരിൽനിന്നും നേരിടേണ്ടിവരുന്ന പുരുഷാധിപത്യ പീഡനങ്ങൾ, തൊഴിൽ എടുക്കുന്നവരെന്ന നിലയിൽ വർഗ്ഗപരമായ പീഡനം, ജാത്യധിഷ്ഠിതമായ പീഡനം, തുടങ്ങിയവ സ്ത്രീകൾ നേരിടേണ്ടിവരുന്ന വലിയ പ്രശ്നങ്ങളാണ്. ഈ പീഡനങ്ങളിൽ നിന്നും തങ്ങൾക്ക് പുറത്ത് കടക്കേണ്ടതുണ്ടെന്ന ചിന്ത സ്ത്രീവാദത്തിന് അടിത്തറയായി. ഇവയെ പ്രതിരോധിക്കേണ്ടതുണ്ടെന്ന ചിന്ത ഇന്ന് സ്ത്രീകളുടെ ജീവിതത്തിലും അവരെക്കുറിച്ചുള്ള ആഖ്യാനത്തിലും കടന്നുവരുന്നു. സ്ത്രീ എന്നുള്ള തങ്ങളുടെ സ്വത്വത്തിൽ അടിയുറച്ച് നിന്നുകൊണ്ടു തന്നെയാണ് അവർ പ്രതിരോധചിന്ത വികസിപ്പിക്കുന്നത്. തലമുറകളായി വിവേചനങ്ങളും ചൂഷണങ്ങളുമനുഭവിച്ച് വരുന്ന സ്ത്രീകളെക്കുറിച്ചുള്ള ആഖ്യാനത്തിലും അടിസ്ഥാനപരമായി രേഖപ്പെടുത്തുന്നതും അത്തരം ദുരനുഭവങ്ങളായിരിക്കും. അതിജീവിച്ചുപോന്ന വേദനകളെക്കുറിച്ചും വ്യവസ്ഥയോടുള്ള നിലപാടുകളെക്കുറിച്ചുമുള്ള ചിന്തകൾ പ്രതിരോധത്തിന്റേത് കൂടിയാകുന്നു. ഉത്തരാധുനിക ചിന്തകളായ സ്ത്രീവാദം, പാരിസ്ഥിതികവാദം, ദളിത് വാദം തുടങ്ങിയവയോട് പ്രതിരോധമെന്ന പദം വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. ആധിപത്യവ്യവസ്ഥകൾക്കെതിരെ പ്രതിഷേധിക്കുക എന്നതാണ് പ്രതിരോധം കൊണ്ട് അർത്ഥമാക്കുന്നത്.

### ഭാഷ–ഭാഷണം: പ്രതിരോധവും മനഃശാസ്ത്രവും

പഠിച്ചു മുന്നേറാൻ ശ്രമിക്കുന്ന ജയഭാരതി ഭാഷണത്തിലൂടെ സ്വന്തം ജീവിതത്തെ അടയാളപ്പെടുത്തിയിരിക്കുന്നതാണ് ജയ ജയ ജയ ജയ ഹേ സിനിമ യിൽ കാണുന്നത്. കേരളത്തിലെ സ്ത്രീകൾ കാലാകാലങ്ങളായി കുടുംബത്തിൽ അനുഭവിച്ചുപോന്ന അടിമത്തവും, ഒപ്പം അവയെ അതിജീവിച്ച് രൂപപ്പെടുത്തിയെടുത്ത പ്രതിരോധത്തിന്റെ പാഠങ്ങളും അവളുടെ ഭാഷണത്തിൽ

 ISSN: 2582 - 2594

തെളിയുന്നു. "ഒരു പേര് പോലും ചേട്ടന്റെ പേരുമായി മാച്ച് ചെയ്യാൻ വേണ്ടി ഇട്ടതാണ്", "അച്ഛാ എനിക്ക് മാർ ഇവാനിയോസിൽ തന്നെ പഠിക്കണം. ബിഎസ്സ്സി ആന്ത്രോപോളജി പഠിക്കണം", "ചത്താലും ഞാൻ മാർഇവാനിയോസിലേ പഠിക്കത്തൊള്ളൂ.", "എനിക്കിപ്പോ കല്യാണം കഴിക്കണ്ട, അച്ഛാ എനിക്ക് പഠിക്കണം", "എനിക്ക് ഡിഗ്രി കംപ്ലീറ്റ് ചെയ്യണം, ഹയർ സ്റ്റഡീസിന് പോകണം, ജോലി വാങ്ങണം," ഭർത്താവിനോട് "എനിക്ക് പെറോട്ടയും ബീഫ് കറിയും വേണം", "ലൗലോലിക്ക ഇഷ്ടമല്ല" എന്ന് പറയാനുള്ള തന്റേടവും അവൾ കാണിക്കുന്നുണ്ട്. ബിരുദവും ഉന്നതബിരുദവും നിഷേധിച്ച കുടുംബത്തിൽ അവളുടെ അറിവിനെ കെട്ടിപ്പടുക്കാനും പുനരുജ്ജീവിപ്പിക്കാനും ഉതകുന്ന ആയുധമായി അവൾ സ്വയം ചിട്ടപ്പെടുത്തിയെടുക്കുന്നു. മൊബൈലിൽ ലൈവ് വീഡിയോ ക്ലാസ്സ് കണ്ടു രൂപപ്പെടുത്തിയെടുത്തതായ തയ്യൽ പഠനത്തിലൂടെയും അഭ്യാസമുറകളിലൂടെയും അറിവിനെ വിനിമയം ചെയ്യുന്നു. അവയെ ശക്തമായ ഒരു പ്രതിരോധമാർഗ്ഗമായി മാറ്റിയെടുക്കാൻ അവൾക്ക് സാധിച്ചു. പുരുഷമേൽക്കോയ്മയോട് ശക്തമായി പ്രതിരോധിക്കാനും പ്രതികരിക്കാനും അവൾക്ക് കഴിഞ്ഞു എന്നുള്ളത് സിനിമയുടെ രണ്ടാംപകുതിയിലുടനീളം കാണാം.

ഭർത്താവിന്റെ കോഴിഫാമിൽ പണിയെടുക്കുവാനോ അവിടെ പ്രവേശിക്കാനോ പോലുമുള്ള സ്വാതന്ത്ര്യം അവൾക്കില്ലായിരുന്നു. പുരുഷന്മാർ മാത്രം പണിയെടുക്കുന്ന കോഴിഫാമിൽ അവളെ പുറത്തുനിർത്തുമ്പോൾ സ്ത്രീകൾക്ക് പുരുഷന്മാർ കൽപ്പിക്കുന്ന നിലയെന്തെന്ന് അവൾ തിരിച്ചറിയുന്നുണ്ട്. അതിനെതിരെയുള്ള പ്രതിരോധമാണ് ഭർത്താവിന് ഡൈവോഴ്സ് നൽകി അവൾ മറ്റൊരു കോഴി ഫാമിലെ മുതലാളിയായി മാറുന്നത്. തന്റെ സ്ത്രീസ്വത്വത്തിൽ അടിയുറച്ചു നിന്നുകൊണ്ടാണ് ജയഭാരതി കോടതിമുറിയിൽ ജഡ്ജിയോട് സംസാരിക്കുന്നത്. താനൊരു സ്ത്രീയായതുകൊണ്ട് തന്നോട് ചോദിക്കാതെയാണ് ഡൈവോഴ്സിന് ഭർത്താവ് അപേക്ഷ നൽകിയതെന്നും, തനിക്ക് അയാളോട് അഞ്ച് മിനിറ്റ് സംസാരിക്കണമെന്ന് പ്രഖ്യാപിച്ചുകൊണ്ട് സ്ത്രീ സ്വത്വബോധത്തിൽ അധിഷ്ഠിതമായ പ്രതിരോധം അവൾ മുന്നോട്ടുവയ്ക്കുന്നു.

സ്ത്രീകൾ സമൂഹത്തിലും സ്വന്തം കുടുംബത്തിനുള്ളിലും രണ്ടാം തരക്കാരായി കരുതപ്പെടുന്നതും ചൂഷണങ്ങൾ അനുഭവിക്കുന്നതും സിനിമയിൽ കാണാം. കുട്ടിയായ ജയഭാരതി മരക്കൊമ്പിൽ കയറിയിരുന്ന ആൺകുട്ടികളോടൊത്ത് കളിക്കുമ്പോൾ അമ്മാവൻ അവളെ മാത്രം താഴെയിറക്കിവിടുന്നു. ചേട്ടൻ പഠിച്ച പുസ്തകങ്ങളും ചേട്ടന്റെ പഴയ കുപ്പായങ്ങൾ തുന്നിയതുമാണ് പെണ്ണായത് കൊണ്ട് മാത്രം അവൾക്ക് ലഭിക്കുന്നത്. ഭർത്താവ് പെണ്ണുങ്ങളെ തല്ലുന്നത് പുതുമയുള്ള കാര്യമല്ല, എന്നാൽ തൊട്ടതിനും പിടിച്ചതിനുമൊക്കെ തല്ലുന്നതിനെക്കുറിച്ചും ആറു മാസം കൊണ്ട് 21 അടിയാണ് ലഭിച്ചതെന്നും അങ്ങനെയാണെങ്കിൽ 40 വർഷം കഴിയുമ്പോൾ എത്ര അടിയാണ് ലഭിക്കുന്നത് എന്നും അവൾ ചോദിക്കുന്നുണ്ട്. സ്ത്രീകളോടുള്ള ശാരീരികമായ അതിക്രമങ്ങളെയും ലൈംഗികചൂഷണങ്ങളെയും സ്ത്രീകൾക്ക് പ്രതിരോധിക്കേണ്ടതുണ്ടായിരുന്നതുകൊണ്ട് അവളുടേതായ പ്രതിരോധതന്ത്രങ്ങൾ അവൾ സ്വയം രൂപപ്പെടുത്തി.

സ്ത്രീശരീരം ലൈംഗികമായി അതിക്രമിച്ചു കീഴടക്കുക എന്ന പുരുഷാധിപത്യത്തിന്റെ നയത്തിന് ഇരയായ ദുരനുഭവം ജയഭാരതിക്ക് ഉണ്ടായി. ബി.പി കൂടി അബോർഷൻ ആയ സമയത്ത് ഭർത്താവും കുടുംബക്കാരും ഉൾപ്പെടെയുള്ളവർ കുറ്റപ്പെടുത്തുകയും വേദനിപ്പിക്കുകയും ചെയ്യുമ്പോൾ തീർത്തും നിസ്സഹായാവസ്ഥയാണ് ജയഭാരതിക്ക് ഉണ്ടായിരുന്നത്. കരഞ്ഞിട്ടു

കാര്യമില്ല എന്നും പെണ്ണിന്റെ കണ്ണീരിനു പോലും വിലയില്ലെന്നും അനുഭവം കൊണ്ട് അവൾ തിരിച്ചറിയുന്നു. പ്രതിഷേധിക്കാനും ശബ്ദമുയർത്താനും സാധിക്കാത്ത സ്ത്രീകൾ തങ്ങളുടേതായ ഏതെങ്കിലും തരത്തിലുള്ള പ്രതിരോധം രൂപപ്പെടുത്തുന്നുണ്ട്. അപമാനിക്കപ്പെട്ടിടത്ത് നിന്നും സ്വയം വിട്ടുപോന്നുകൊണ്ടാണ് അവൾ തന്റെ സ്വത്വബോധത്തെയും ആത്മാഭിമാനത്തെയും സംരക്ഷിക്കുന്നത്. ആരുടെയും പിൻബലം ഇല്ലാതെ ശക്തമായ പ്രതിഷേധം തീർക്കാനും സമൂഹത്തിന്റെയും കുടുംബത്തിന്റെയും മാധ്യമങ്ങളുടെയും ശ്രദ്ധ ആകർഷിക്കാനും അവളുടെ ലക്ഷ്യം നേടിയെടുക്കാനും സമര പോരാളിയായ അവൾക്ക് സാധിച്ചു. സ്ത്രീ എന്ന നിലയിൽ അവൾക്ക് നേരിടേണ്ടി വന്ന വെല്ലുവിളികൾ അവളുടെ പോരാട്ടങ്ങൾ പുരോഗമിക്കുമ്പോൾ ക്രമേണ അപ്രത്യക്ഷമാകുന്നതായി കാണാം. ഇപ്രകാരം പ്രത്യേക തരത്തിൽ ലഭ്യമാകുന്ന ദൃശ്യതയും അത് ഉയർത്തുന്ന പ്രതിരോധവും തമ്മിലുള്ള ഘർഷണത്തിന്റെ സൂക്ഷ്മതകളിലാണ് ജയ ജയ ജയ ജയ ഹേ യിൽ സ്ത്രീ അനുഭവത്തിന്റെ സങ്കീർണത കുടികൊള്ളുന്നത്. സ്ത്രീ സ്വത്വത്തിന് കീഴിൽ തങ്ങളുടെ അതിജീവനത്തിനായി സ്ത്രീകൾ രൂപപ്പെടുത്തിയ പ്രതിരോധത്തിന്റെ അടയാളപ്പെടുത്തലാണ് ഇവിടെ കാണുന്നത്.

ജയ ജയ ജയ ജയ ഹേ എന്ന സിനിമയിൽ ഒരു സ്ത്രീയുടെ മനസ്സിന്റെ അകത്തളങ്ങളിൽ നടന്ന സംഘർഷം മനഃശാസ്ത്രപരമായി അപഗ്രഥിച്ചിരിക്കുന്നു. ഓരോ മനുഷ്യനിലും ലീനമായിരിക്കുന്ന ഹിംസവാസനയുടെ പ്രതിഫലനമാണ് മറ്റുള്ളവരുടെ ഹിംസവാസനയായി ഓരോ വ്യക്തിക്കും അനുഭവപ്പെടുന്നത്. ജയ ജയ ജയ ജയ ഹേ എന്ന സിനിമയും ഈ മനഃശാസ്ത്രതത്വമാണ് അനാവരണം ചെയ്യുന്നത്. മനോവിജ്ഞാനീയത്തിന്റെ വെളിച്ചത്തിൽ ജന്മവാസനയുടെ ഒരു ഇര എന്ന നിലയ്ക്ക് ജയഭാരതിയെ കാണാവുന്നതാണ്. പ്രതികാരം ജനിക്കുന്നത് എങ്ങനെയെന്ന് ധ്വന്യാത്മകമായി അവതരിപ്പിക്കുന്ന ജയ ജയ ജയ ജയ ഹേ എന്ന സിനിമയിൽ ഫ്രോയിഡിന്റെ പ്രേരണാശക്തി തിരക്കഥാകൃത്തിനെ സ്വാധീനിച്ചിട്ടുണ്ടെന്ന് വ്യക്തമാകുന്നു. അടിച്ചമർത്തപ്പെട്ട തീക്ഷ്ണവികാരങ്ങൾ ഇരട്ടി ശക്തിയോടെ ഉയർത്തെഴുന്നേറ്റ് പ്രതികാരം ചെയ്യുമെന്ന ഫ്രോയിഡിയൻ മനഃശാസ്ത്രദർശനത്തിന്റെ ദൃഷ്ടാന്തമാണ് ജയഭാരതി.

സ്ത്രീയുടെ ഉള്ളിലെ പുരുഷ ചൈതന്യമായ അനിമസിനെ മുൻനിർത്തി പഠിക്കുമ്പോൾ ജയഭാരതിയുടെ ഉള്ളിലെ പുരുഷചൈതന്യമായ അനിമസാണ് അവളെ പ്രതിരോധിക്കാൻ പ്രാപ്തയാക്കുന്നത്. രാജേഷിന്റെ അടി തടുക്കാൻ പാകത്തിൽ  രഹസ്യമായി അഭ്യാസമുറകൾ അഭ്യസിക്കുന്നതും അവളുടെ ഉള്ളിൽ അനിമസ് ഉള്ളതുകൊണ്ടാണ്. ചുരുക്കത്തിൽ ജയഭാരതിയുടെ അനിമസ് രാജേഷിൽ താദാത്മ്യം പ്രാപിക്കുന്നു.

പുരുഷന്റെ അബോധത്തിലുള്ള സ്ത്രൈണചേതനയായ അനിമയെ മുൻനിർത്തി ജയഭാരതിയുടെ ഭർത്താവായ രാജേഷിനെ വിലയിരുത്താം. അനിമയുടെ മുഖ്യധർമ്മങ്ങളായ രതി, വിനയം, ഭക്തി, ലജ്ജ, ശോകം തുടങ്ങിയ ഭാവങ്ങൾ സിനിമയിലുടനീളം രാജേഷ് എന്ന കഥാപാത്രത്തിൽ ആവിഷ്കരിക്കുമ്പോൾ രാജേഷിന് ഉണ്ടാകുന്ന സ്ത്രൈണപരിവേഷത്തിന്റെ മനോഹാരിത എടുത്തുപറയേണ്ടതാണ്. ജയഭാരതി ജീവിതത്തിൽനിന്നും എന്നെന്നേക്കുമായി ഇറങ്ങിപ്പോയ സന്ദർഭത്തിൽ രാജേഷിന് ഉണ്ടായ വിരഹവും ഉത്കണ്ഠയും അനിമാധർമ്മത്തെ പ്രതിനിധാനം ചെയ്യുന്നു. "ഈ കാണുന്ന ജാഡയൊക്കെയേ ഉള്ളൂ, ഒറ്റയ്ക്ക് പറ്റില്ല"എന്ന രാജേഷിന്റെ വാക്കുകളിൽ വിരഹോൽകണ്ഠ പ്രകടമാകുന്നുണ്ട്.


ISSN: 2582 - 2594

ഭാഷയാണ് പ്രതിരോധത്തിന്റെ ശക്തമായ ഒരു ഉപാധിയായി ജയഭാരതിയെ രൂപപ്പെടുത്തിയതെന്ന് ജയ ജയ ജയ ജയ ഹേ എന്ന സിനിമ സാക്ഷ്യപ്പെടുത്തുന്നു. ഇത്തരത്തിൽ ഭാഷയിലൂടെ അനുഭവങ്ങളുടെയും വിവേചനങ്ങളുടെയും പങ്കുവയ്ക്കലിലൂടെ ജയ ജയ ജയ ജയ ഹേ സ്ത്രീസ്വത്വത്തിന്റെയും പെൺപ്രതിരോധത്തിന്റെയും പാഠങ്ങൾ സൃഷ്ടിക്കുന്നു.

**സഹായക ഗ്രന്ഥങ്ങൾ:**


1. എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറൻറ് ബുക്സ് , 2003
2. പ്രശാന്ത് കുമാർ എൻ ഡോ., സ്ത്രീത്വദർശനം ഒരവലോകനം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1998
3. ജയകൃഷ്ണൻ എൻ, പെണ്ണെഴുത്ത്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000
4. ദേവിക ജെ, സ്ത്രീവാദം, സി.സി ബുക്സ്, കോട്ടയം, 2000
5. മീര വി, സ്ത്രീ സമത്വവാദത്തിന്റെ രാഷ്ട്രീയം, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1992
6. രശ്മി ബിനോയ്, ചരിത്രത്തിലെ പെണ്ണിടങ്ങൾ, ആധുനിക സ്ത്രീപഠനത്തിന് ഒരാമുഖം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2008
7. അച്യുതൻ എം, പാശ്ചാത്യ സാഹിത്യദർശനം, കോട്ടയം, എൻ ബി എസ്,1991
8. ലീനാറാണി, സാഹിത്യവും മനോവിജ്ഞാനീയവും, ഭാഷാസാഹിതി, കേരള സർവകലാശാല മലയാള വിഭാഗത്തിന്റെ ത്രൈമാസിക പ്രസിദ്ധീകരണം, ജനുവരി-മാർച്ച് 1998
9. Lawrence. D H, foundation of the conscious, penguin Books,1997
10. Herbert Read,Michal Fardhan M.D. MRCP, Gerhard Adler(Ed)CJ Jung, Psychological types vl.6, ‘The collected Works’, H .G Baynes(Tr), London:Routledge and Kegan Paul Ltd, 1975
11. The Encyclopaedia Britanica in 30 Volume.Micro vol.V